# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4351 | 22/07/2015 ൽ മറുപടിക്ക് |

## ഭരണരംഗത്തെ അഴിമതി തുടച്ചുമാറ്റുന്നതു സംബന്ധിച്ച്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഹംസ | | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) | |
| (എ) | ഭരണരംഗത്തുള്ളതായി പറയപ്പെടുന്ന അഴിമതി തുടച്ചുമാറ്റുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരടക്കം എല്ലാ വിഭാഗം ഉദ്യോഗസ്ഥരുടേയും പേരിൽ ആരോപിക്കപ്പെടുന്ന അഴിമതി ആരോപണങ്ങളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കഴിയുന്നുണ്ട്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജന പങ്കാളിത്തത്തോടെ, അഴിമതിയ്ക്കെതിരായ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ടോൾഫ്രീ പരാതി പരിഹാര മൊബൈൽ ഫോൺ, ലൈറ്റ്നിംഗ് സ്ക്വാഡ്, എസ്.എം.എസ്, വാട്ട്സ് ആപ്പ് തുടങ്ങിയ ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് അഴിമതിയെ സംബന്ധിച്ച പരാതികൾ നൽകാവുന്നതും ആയതിന് പരിഹാരം എത്രയും പെട്ടെന്ന് കാണാൻ ശ്രമിക്കുകയും ചെയ്തു വരുന്നു. ഇവയുടെ പരസ്യം ഇതിനായി വ്യാപകമായി നൽകിയിട്ടുണ്ട്. മിന്നൽ പരിശോധന എല്ലാ വകുപ്പുകളിലും നടത്താൻ ശ്രമിക്കുന്നു. കൂടാതെ മറ്റ് വകുപ്പുകളിലെ വിജിലൻസ് മേധാവികളെ പങ്കെടുപ്പിച്ച് പരിശീലനം നടത്തി വരുന്നു. അഴിമതി തടയാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ "വിജിലന്റ് കേരള" എന്ന ഒരു പുതിയ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ വകുപ്പുകളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രത്യേകം പ്രത്യേകം വിജിലൻസ് സെല്ലുകൾ രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരം സെല്ലുകൾ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മേൽനോട്ടത്തിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ കേസെടുത്തു; വിശദാംശം ലഭ്യമാക്കാമോ ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | 1/4/2015 മുതൽ 30/6/2015 വരെ എത്ര ഉദ്യോഗസ്ഥർക്ക് അഴിമതി/കൈക്കൂലി കേസ്സുകളിൽ പെട്ട് സസ്പെൻഷൻ ലഭിക്കുകയുണ്ടായി ;വിശദാംശം ലഭ്യമാക്കാമോ ; | (സി) | 01/04/2015 മുതൽ 30/06/2015 വരെ കൈക്കൂലി/ അഴിമതി കേസുമായി ബന്ധപ്പെട്ട് 6 ഉദ്യോഗസ്ഥരെ സസ് പെൻഡ് ചെയ്തിട്ടുണ്ട്.<br><u>(1) വി.സി. 07/2013/സി.ആർ.ഇ.</u><br>കൺസ്യൂമർഫെഡിലെ അഴിമതിയുമായി ബന്ധപ്പെട്ട് കൺസ്യൂമർഫെഡിന്റെ മുൻ മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ.റജി.ജി.നായർ, നീതി നന്മ സ്കീമിന്റെ ചീഫ് മാനേജരും, പർച്ചേസ് കമ്മിറ്റി ചെയർമാനുമായ ശ്രീ.ആർ.ജയകുമാർ എന്നിവരെ |

| | | | |
|---|---|---|---|
| | | | 03/06/2015 തീയതിയിലെ ജി.ഒ.(ആർ.ടി.) 76/15/വിജി നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്. കേസന്വേഷണം നടന്നുവരുന്നു.<br><br>(2)വി.സി. 20/2015/റ്റി.എസ്.ആർ<br>ചാവക്കാട് — വടക്കാഞ്ചേരി റോഡിന്റെ നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട 2009-2010 –ലെ ബഡ്ജറ്റ് വർക്കുമായി ബന്ധപ്പെട്ട് സർക്കാരിന് 6,44,323/- രൂപയുടെ നഷ്ടം സംഭവിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളായ ശ്രീ.എം.എ.ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. റോഡ്സ് സെക്ഷൻ, വടക്കാഞ്ചേരി, ശ്രീ.കെ.എ.ദാമോദരൻ, ഓവർസീയർ എന്നിവരെ 17/06/2015 തീയതിയിലെ ജി.ഒ.(ആർ.ടി.) 844/15/പി.ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്തു.<br><br>(3) വി.സി. 16/2015/സി.ആർ.ഇ.<br>പനങ്ങാട് — കുമ്പളം ടോൾ ജംഗ്ഷന് സമീപം നിന്ന് 02..05..2015 –ന് വാഹന പരിശോധന നടത്തി വരവെ മണൽ കയറ്റി വന്ന ലോറി ഡ്രൈവറിൽനിന്നും 100/- രൂപ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് പനങ്ങാട് പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ ശ്രീ. എം.ബി.ശ്രീകുമാർ, ഡ്രൈവർ സീനിയർ സിവിൽ പോലീസ് ഓഫീസർ 10972 ശ്രീ.ബിജു എന്നിവരെ കൊച്ചി സിറ്റി പോലീസ് മേധാവിയുടെ 02/05/2015 തീയതിയിലെ എച്ച്1-28695/2015 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| (ഡി) | ഭരണരംഗത്തെ അഴിമതി തുടച്ചുമാറ്റും എന്ന പ്രഖ്യാപനം ലക്ഷ്യം കണ്ടില്ല എന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ ? | (ഡി) | സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ അത്തരം ആക്ഷേപങ്ങൾക്ക് പ്രസക്തിയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്